ഭോക്താക്കളുടെ എണ്ണം, നിക്ഷേപതുക എന്നിവയുടെ 12/98 വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

162 (1380) മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് വിദേശത്തു നിന്നും ധനസഹായം

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് വിദേശത്തു നിന്നും എന്തു തുക സഹായം ലഭിച്ചിട്ടുണ്ട്; ആരിൽ നിന്നെല്ലാം;

(ബി) എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് വിദേശത്തു നിന്നും സഹായവാഗ്ദാനം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് വിദേശ സഹായം ലഭിച്ചത് ഏത് രീതിയിലാണെന്നും, ഈ തുക എപ്രകാരം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 19.93 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) 224 വീടുകൾക്കുള്ള ധനസഹായമാണ് ലഭിച്ചിട്ടുള്ളത്.

(സി) ദുർബലവിഭാഗക്കാർക്കുവേണ്ടിയുള്ള പദ്ധതി എന്ന നിലയ്ക്ക് വിദേശ മലയാളികൾ സ്വമേധയാ നൽകിയതാണ് ഈ സഹായം. മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് സബ്സിഡിയായി നൽകുന്ന 9000 രൂപ വഹിക്കുന്നതിനാണ് ഈ തുക വിനിയോഗിച്ചത്.

163 (1381) ഹൗസിംഗ് ബോർഡ് വാങ്ങിയ സ്ഥലങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹൗസിംഗ് ബോർഡ് എവിടെയെല്ലാം സ്ഥലം വാങ്ങിയിട്ടുണ്ട്; ഓരോന്നിന്റെയും വിസ്തീർണ്ണം, നിശ്ചയിക്കപ്പെട്ട വില, സൗകര്യങ്ങൾ എന്നിവ യഥാക്രമം വിശദീകരിക്കുമോ;

(ബി) ഇതിൽ എത്ര സ്ഥലത്ത് പണികൾ തുടങ്ങുന്നതിനു കരാർ നൽകി; വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ഹൗസിംഗ് ബോർഡ് ഏറ്റെടുത്ത ഓരോ സ്കീമുകളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൗസിംഗ് ബോർഡ് ഭൂമി അക്വയർ ചെയ്യുകയോ വാങ്ങുകയോ ചെയ്തിട്ടില്ല.

(ബി) ബാധകമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly